# പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ നടപടി ഉത്തരവ്

(സാന്നിദ്ധ്യം : ഷാനവാസ് എസ്. ഐ.എ.എസ്.)

വിഷയം :- പൊതുവിദ്യാഭ്യാസം - പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പ്- ഏകലവ്യ/ആശ്രമം/മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ 2023-24 അധ്യയന വർഷം ഒഴിവുള്ള തസ്തികകളിൽ അധ്യാപകരെ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:-

1) സ.ഉ. (സാധാ) നമ്പർ 1071/2011/പ.ജ.പ.വ.വി.വ., തീയതി 05/11/2011.
2) സ.ഉ.(സാധാ) 769/2017/പ.ജ.പ.വ.വി.വ., തീയതി 22/03/2017
3) സർക്കാരിന്റെ 25/01/2012 തീയതിയിലെ 77830/ആർ1/2011/ പൊ.വി.വ. നമ്പർ കത്ത്.
4) സർക്കാരിന്റെ 16/08/2012 തീയതിയിലെ 12012/ആർ1/2012/ പൊ.വി.വ. നമ്പർ കത്ത്.
5) പട്ടികവർഗ്ഗ വികസനവകുപ്പ് ഡയറക്ടറുടെ 16/10/1999 ലെ ഡി3/10791/99 നമ്പർ സർക്കുലർ.
6) 02/05/2024 തീയതിയിലെ പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ SCDD/9629/2021-C1(EDN C) നമ്പർ ഉത്തരവ്.
7) 24/04/2024 തീയതിയിലെ പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറുടെ STDD/828/2024-D4 നമ്പർ ഉത്തരവ്.
8) ഈ കാര്യാലയത്തിലെ 07/05/2024 തീയതിയിലെ ഇതേ നമ്പർ സർക്കുലർ.

## ഉത്തരവ് നമ്പർ എ2/7428/2024/ഡിജിഇ, തീയതി 25/06/2024

സംസ്ഥാനത്തെ വിവിധ ജില്ലകളിൽ പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന ഏകലവ്യ/ആശ്രമം/മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ അനുവദിക്കപ്പെട്ടിട്ടുള്ള അധ്യാപക/മാനേജർ-കം-റസിഡന്റ് ട്യൂട്ടർ (എം.സി.ആർ.റ്റി.-എച്ച്.എസ്.എ കേഡർ) തസ്തികകളിൽ നിലവിലുള്ള ഒഴിവുകളിൽ നിയമനം നടത്തുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് പരാമർശം (1), (2) പ്രകാരം സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ പരാമർശം (8) പ്രകാരം മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ ജോലി ചെയ്യുവാൻ സന്നദ്ധരായ അദ്ധ്യാപകരിൽ നിന്നും അപേക്ഷ ക്ഷണിക്കുകയും, നിലവിലുള്ള ഒഴിവുകളിൽ സ്ഥലംമാറ്റം മുഖേന നിയമനം ലഭിക്കുന്നതിന് താൽപര്യമുള്ള അധ്യാപകരെ തിരഞ്ഞെടുക്കുന്നതിലേയ്ക്കായി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിലുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലേയ്ക്ക് പരാമർശം (7) ഉത്തരവനുസരിച്ച് രൂപീകരിച്ച ഇന്റർവ്യൂ കമ്മിറ്റി 24/05/2024 നും പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലേയ്ക്കുള്ള അധ്യാപകരെ തിരഞ്ഞെടുക്കുന്നതിനുള്ള കൂടിക്കാഴ്ച പരാമർശം (6) പ്രകാരം രൂപീകരിച്ച കമ്മിറ്റി 30/05/2024 തീയതിയിലും നടത്തുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ മുൻഗണന പട്ടിക തയ്യാറാക്കി അവരുടെ പേരിനു നേരെ കൊടുത്തിരിക്കുന്ന സ്കൂളിൽ നിലവിലുള്ള ഒഴിവിൽ ടേബിളിന് താഴെ ചേർക്കുന്ന നിബന്ധനകൾക്ക് വിധേയമായി ഉദ്യോഗസ്ഥർക്ക് സ്ഥലംമാറ്റ നിയമനം നൽകി ഇതിനാൽ ഉത്തരവാകുന്നു.

## പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിലുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ

| ക്രമ നം. | പേര് | സ്ഥലംമാറ്റം മുഖേന നിയമിക്കുന്ന മോഡൽ റസിഡൻഷ്യൽ സ്കൂൾ | തസ്തിക | നിയമന രീതി |
|---|---|---|---|---|
| 1. | ശ്രീമതി സൗമ്യ ജി.പി.<br>ജി.എച്ച്.എസ്. ചുരംപോയിൽ, കാസറഗോഡ് | ഡോ. എ.എം.എം.ആർ. ജി.എച്ച്.എസ്. കട്ടേല, തിരുവനന്തപുരം | എച്ച്.എസ്.ടി. ഗണിതം | അന്തർജില്ലാ സ്ഥലംമാറ്റത്തിന്റെ പരിധിയിൽ വരാത്ത സ്ഥലംമാറ്റം |
| 2. | ശ്രീമതി മാലിനി എ.ജി.<br>ജി.എച്ച്.എസ്.എസ്. വെട്ടൂർ, തിരുവനന്തപുരം | ഡോ. എ.എം.എം.ആർ. ജി.എച്ച്.എസ്. കട്ടേല, തിരുവനന്തപുരം | എച്ച്.എസ്.ടി. നാചറൽ സയൻസ് | അന്തർജില്ലാ സ്ഥലംമാറ്റത്തിന്റെ പരിധിയിൽ വരാത്ത സ്ഥലംമാറ്റം |
| 3. | ശ്രീ. സണ്ണി സെറാഫിൻ<br>ജി.വി.എച്ച്.എസ്.എസ്. അത്തോളി<br>കോഴിക്കോട് | ജി.എം.ആർ.എസ്. കുളത്തുപ്പുഴ, കൊല്ലം | എച്ച്.എസ്.ടി. ഗണിതം | അന്തർജില്ലാ സ്ഥലംമാറ്റം |
| 4. | ശ്രീ. ബിനിൽ കുമാർ എഫ്.എൽ.<br>ജി.എച്ച്.എസ്.എസ്.<br>കടിമീൻചിറ, പത്തനംതിട്ട | ജി.എം.ആർ.എസ്. കുളത്തുപ്പുഴ | എച്ച്.എസ്.ടി. ഹിന്ദി | അന്തർജില്ലാ സ്ഥലംമാറ്റം |
| 5. | ശ്രീ. ഏലിയാസ് കെ.സി.<br>ഗവ. ടെക്നിക്കൽ ഹൈസ്കൂൾ, ചെറുവത്തൂർ, കാസറഗോഡ് | ജി.എം.ആർ.എസ്. വടശ്ശേരിക്കര | എച്ച്.എസ്.ടി. സോഷ്യൽ സയൻസ് | അന്തർജില്ലാ സ്ഥലംമാറ്റത്തിന്റെ പരിധിയിൽ വരാത്ത സ്ഥലംമാറ്റം |
| 6. | ശ്രീ. ചന്ദ്രശേഖർ എസ്.<br>ജി.എച്ച്.എസ്.എസ്.<br>കുമാരനല്ലൂർ, പാലക്കാട് | ജി.എം.ആർ.എസ്. വടശ്ശേരിക്കര | എം.സി.ആർ.ടി. | അന്തർജില്ലാ സ്ഥലംമാറ്റം |
| 7. | ശ്രീമതി രശ്മി വി.ആർ.<br>ജി.എച്ച്.എസ്.എസ്.<br>മണ്ണൂർക്കോട്, പാലക്കാട് | ജി.എം.ആർ.എസ്. ഏറ്റുമാനൂർ | എച്ച്.എസ്.ടി. മലയാളം | അന്തർജില്ലാ സ്ഥലംമാറ്റത്തിന്റെ പരിധിയിൽ വരാത്ത സ്ഥലംമാറ്റം |
| 8. | ശ്രീ. ഗിരീഷ് കുമാർ എസ്.<br>ജി.എച്ച്.എസ്.എസ്.<br>പൊൻമുണ്ടം, മലപ്പുറം | ജി.എം.ആർ.എസ്. ഏറ്റുമാനൂർ | പി.ഇ.ടി. (യു.പി.എസ്.ടി.) | അന്തർജില്ലാ സ്ഥലംമാറ്റം |
| 9. | ശ്രീ. റോയ്മോൻ വർഗ്ഗീസ് എ.<br>ജി.എം.ആർ.എസ്.<br>വടക്കാഞ്ചേരി, തൃശ്ശൂർ | ജി.എം.ആർ.എസ്. ചാലക്കുടി | എച്ച്.എസ്.ടി. മലയാളം | അന്തർജില്ലാ സ്ഥലംമാറ്റത്തിന്റെ പരിധിയിൽ വരാത്ത സ്ഥലംമാറ്റം |

| | | | | |
|---|---|---|---|---|
| 10. | ശ്രീമതി ജംഷീന പി.<br>ജി.യു.പി.എസ്. ഭീമനാട്<br>പാലക്കാട് | ആശ്രമം എച്ച്.എസ്.<br>മലമ്പുഴ | എൽ.പി.<br>എസ്.ടി. | അന്തർജില്ലാ സ്ഥലംമാറ്റത്തിന്റെ പരിധിയിൽ വരാത്ത സ്ഥലംമാറ്റം |
| 11. | ശ്രീ. ജിജോ കെ.പി.<br>ജി.എച്ച്.എസ്.എസ്. പനമരം<br>വയനാട് | ജി.എം.ആർ.എസ്.<br>കൽപ്പറ്റ | എച്ച്.എസ്.ടി.<br>ഫിസിക്കൽ<br>സയൻസ് | അന്തർജില്ലാ സ്ഥലംമാറ്റത്തിന്റെ പരിധിയിൽ വരാത്ത സ്ഥലംമാറ്റം |
| 12. | ശ്രീ. റഫീക്ക് പി.<br>ജി.വി.എച്ച്.എസ്.എസ്.<br>മോഗ്രൽ<br>കാസറഗോഡ് | ജി.എം.ആർ.എസ്.<br>കൽപ്പറ്റ | എച്ച്.എസ്.ടി.<br>ഇംഗ്ലീഷ് | അന്തർജില്ലാ സ്ഥലംമാറ്റത്തിന്റെ പരിധിയിൽ വരാത്ത സ്ഥലംമാറ്റം |
| 13. | ശ്രീമതി ബബിത കെ.<br>ജി.എച്ച്.എസ്.എസ്.<br>കാക്കവയൽ<br>വയനാട് | ജി.എം.ആർ.എസ്.<br>കൽപ്പറ്റ | എച്ച്.എസ്.ടി.<br>ഗണിതം | അന്തർജില്ലാ സ്ഥലംമാറ്റത്തിന്റെ പരിധിയിൽ വരാത്ത സ്ഥലംമാറ്റം |
| 14. | ശ്രീ. മോഹൻ കെ.<br>ജി.എച്ച്.എസ്.എസ്.<br>പടിഞ്ഞാറത്തറ, വൈത്തിരി,<br>വയനാട് | എ.എം.എം.ആർ.<br>ജി.എച്ച്.എസ്.എസ്.<br>നല്ലൂർനാട്, വയനാട് | എച്ച്.എസ്.ടി.<br>മ്യൂസിക് | അന്തർജില്ലാ സ്ഥലംമാറ്റത്തിന്റെ പരിധിയിൽ വരാത്ത സ്ഥലംമാറ്റം |
| 15. | ശ്രീ. മുഹമ്മദ് ലബീബ് കെ.<br>ജി.എൽ.പി.എസ്. ദേവികുളം,<br>ഇടുക്കി | ഗവൺമെന്റ് ആശ്രമം<br>എച്ച്.എസ്.<br>തിരുനെല്ലി, വയനാട് | എൽ.പി.എസ്.<br>ടി. | അന്തർജില്ലാ സ്ഥലംമാറ്റം |
| 16. | ശ്രീ. ജിസാൻ കെ.എ.<br>ജി.എം.ആർ.എസ്. ഫോർ<br>ബോയ്സ്, വടക്കാഞ്ചേരി,<br>ചാവക്കാട്, തൃശ്ശൂർ | ജി.എം.ആർ.എസ്.<br>ഫോർ ഗേൾസ്,<br>കാസറഗോഡ് | എച്ച്.എസ്.ടി.<br>ഫിസിക്കൽ<br>സയൻസ് | അന്തർജില്ലാ സ്ഥലംമാറ്റത്തിന്റെ പരിധിയിൽ വരാത്ത സ്ഥലംമാറ്റം |
| 17. | ശ്രീ. സുധീഷ് കെ.സി.<br>ജി.എച്ച്.എസ്.എസ്. കല്ലാച്ചി,<br>കോഴിക്കോട് | ജി.എം.ആർ.എസ്.<br>ഫോർ ഗേൾസ്,<br>കാസറഗോഡ് | എച്ച്.എസ്.ടി.<br>മലയാളം | അന്തർജില്ലാ സ്ഥലംമാറ്റം |

## പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ

| ക്രമ നം. | പേര് | സ്ഥലംമാറ്റം മുഖേന നിയമിക്കുന്ന മോഡൽ റസിഡൻഷ്യൽ സ്കൂൾ | തസ്തിക | നിയമന രീതി |
|---|---|---|---|---|
| 18. | ശ്രീമതി രഞ്ജിത കെ. ഇ.എം.എസ്.എസ്. ജി.എച്ച്.എസ്.എസ്. പാപ്പിനിശ്ശേരി, കണ്ണൂർ | ജി.എം.ആർ.എസ്. ചേലക്കര | എച്ച്.എസ്.ടി. മലയാളം | അന്തർജില്ലാ സ്ഥലംമാറ്റത്തിന്റെ പരിധിയിൽ വരാത്ത സ്ഥലംമാറ്റം |
| 19. | ശ്രീമതി ഷബ്ന സി.എം. ഇ.എം.എസ്.ജി.എച്ച്.എസ്.എസ്. പെരുമണ്ണ, കോഴിക്കോട് | ജി.എം.ആർ.എസ്. ചേലക്കര | എച്ച്.എസ്.ടി. ഫിസിക്കൽ എഡ്യുക്കേഷൻ | അന്തർജില്ലാ സ്ഥലംമാറ്റത്തിന്റെ പരിധിയിൽ വരാത്ത സ്ഥലംമാറ്റം |
| 20. | ശ്രീ. ശ്രീവൽസൻ പി. ജി.എച്ച്.എസ്. മണ്ണാഞ്ചേരി, ആലപ്പുഴ | ജി.എം.ആർ.എസ്. ചേലക്കര | എച്ച്.എസ്.ടി. ഡ്രോയിംഗ് | അന്തർജില്ലാ സ്ഥലംമാറ്റത്തിന്റെ പരിധിയിൽ വരാത്ത സ്ഥലംമാറ്റം |
| 21. | ശ്രീമതി രേഷ്മ കെ.വി. ജി.എച്ച്.എസ്.എസ്. കുമ്പള കാസറഗോഡ് | ജി.എം.ആർ.എസ്. ഫോർ ബോയ്സ് വെള്ളച്ചാൽ, കാസറഗോഡ് | എച്ച്.എസ്.ടി. സോഷ്യൽ സയൻസ് | അന്തർജില്ലാ സ്ഥലംമാറ്റത്തിന്റെ പരിധിയിൽ വരാത്ത സ്ഥലംമാറ്റം |
| 22. | ശ്രീമതി സ്നേഹ സി.വി. ജി.എച്ച്.എസ്.എസ്. ഉദുമ കാസറഗോഡ് | ജി.എം.ആർ.എസ്. ഫോർ ബോയ്സ് വെള്ളച്ചാൽ, കാസറഗോഡ് | എച്ച്.എസ്.ടി. മ്യൂസിക് | അന്തർജില്ലാ സ്ഥലംമാറ്റത്തിന്റെ പരിധിയിൽ വരാത്ത സ്ഥലംമാറ്റം |

**വ്യവസ്ഥകൾ**

1) ഈ ഉത്തരവിൻ പ്രകാരം നടത്തിയിരിക്കുന്ന ക്രമ നമ്പർ 3, 4, 6, 8, 15, 17 സ്ഥലംമാറ്റങ്ങൾ അന്തർജില്ലാ സ്ഥലംമാറ്റത്തിന്റെ പരിധിയിൽപ്പെടുന്നതാണ്. അതിനാൽ തന്നെ സ്ഥലംമാറ്റം ലഭിച്ചിട്ടുള്ള ക്രമ നമ്പർ 3, 4, 6, 8, 15, 17 അധ്യാപകർ നിലവിലുള്ള സർക്കാർ ഉത്തരവുകൾ പ്രകാരം ജോലിയിൽ പ്രവേശിക്കുന്ന ജില്ലയിലെ ഏറ്റവും ജൂനിയർ ആയിരിക്കുന്നതാണ്. ഇപ്രകാരമുള്ള ഡിക്ലറേഷൻ പ്രഥമാധ്യാപകൻ ടി അധ്യാപകരിൽ നിന്ന് എഴുതിവാങ്ങി സേവനപുസ്തകത്തിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. ടി അധ്യാപകരെ വിടുതൽ ചെയ്യുന്നതിന് മുമ്പ് സ്ഥലംമാറ്റം ലഭിച്ചിട്ടുള്ള ജില്ലയിൽ ഏറ്റവും ജൂനിയറായി ജോലി നോക്കാം എന്ന ഒരു ഡിക്ലറേഷൻ പ്രധാനാധ്യാപകർ എഴുതി

വാങ്ങേണ്ടതും ആയത് സർവ്വീസ് പുസ്തകത്തിൽ രേഖപ്പെടുത്തിയശേഷം ഒട്ടിച്ച് സൂക്ഷിക്കേണ്ടതുമാണ്. ഇതിനു വിപരീതമായ നിലപാട് സ്വീകരിക്കുന്ന അധ്യാപകർക്ക് വിടുതൽ നൽകാൻ പാടില്ലാത്തതും വിവരം ഈ ഓഫീസിൽ അറിയിക്കേണ്ടതുമാണ്.

2) അന്തർജില്ലാ സ്ഥലംമാറ്റം ലഭിക്കുന്ന അധ്യാപകർ സർക്കാർ ഉത്തരവ് (പി) നം. 42/2012/ഉ.ഭ.പ.വ. തീയതി 23/08/2012 അനുസരിച്ച് പുതിയ ജില്ലയിൽ പ്രവേശിക്കുന്ന തീയതി മുതൽ പ്രൊബേഷൻ ആരംഭിച്ച് പൂർത്തിയാക്കേണ്ടതാണ്.

3) വ്യവസ്ഥ (1) പ്രകാരം നിയമിക്കപ്പെട്ട അധ്യാപകർ ഒഴികെയുള്ള മറ്റ് അധ്യാപകർക്ക് നിലവിൽ ജോലി ചെയ്യുന്ന ജില്ലയ്ക്ക് പുറത്തുള്ള എം.ആർ.എസിലാണ് സ്ഥലംമാറ്റം ലഭിച്ചിരിക്കുന്നതെങ്കിൽ തന്നെയും നിർദ്ദിഷ്ട സർവ്വീസ് യോഗ്യതയില്ലാത്തതിനാലോ അല്ലെങ്കിൽ യോഗ്യതയുണ്ടായിട്ടും അപ്രകാരം അപേക്ഷ സമർപ്പിക്കാത്തതിനാലോ ഉള്ള സ്ഥലംമാറ്റങ്ങൾ അന്തർജില്ലാ സ്ഥലംമാറ്റത്തിന്റെ പരിധിയിൽപ്പെടുന്നില്ല. നിലവിൽ ജോലി ചെയ്യുന്ന ജില്ലയ്ക്ക് പുറത്തുള്ള എം.ആർ.എസ്. ൽ സ്ഥലംമാറ്റം ലഭിക്കുന്ന അധ്യാപകരുടെ സീനിയോരിറ്റി അവസാനം ജോലി ചെയ്ത ജില്ലയിൽ നിലനിർത്തി കണക്കാക്കുന്നതാണ്.

4) നിയമനം ലഭിച്ച അധ്യാപകർ നിർബന്ധമായും സ്കൂൾ ക്വാർട്ടേഴ്സിൽ താമസിച്ച് അധ്യയനം നടത്തേണ്ടതാണ്. അധ്യാപകർ ക്വാർട്ടേഴ്സിൽ താമസിച്ച് അധ്യയനം നടത്താത്ത സാഹചര്യമുണ്ടായാൽ എം.ആർ.എസ്. ഹെഡ്മാസ്റ്റർ വിദ്യാഭ്യാസ ഉപഡയറക്ടർ മുഖാന്തിരം വിവരം പൊതുവിദ്യാഭ്യാസ ഡയറക്ടറെ അറിയിക്കേണ്ടതും വിദ്യാഭ്യാസ ഉപഡയറക്ടർ ടി അധ്യാപകരെ മറ്റൊരറിയിപ്പ കൂടാതെ മാതൃജില്ലയിലേയ്ക്ക് മടക്കി അയയ്ക്കേണ്ടതുമാണ്.

5) ഈ നിയമനം 3 വർഷ കാലയളവിലേക്ക് മാത്രമായിട്ടുള്ളതാണ്. നിയമനം ലഭിച്ച അധ്യാപകർ മോഡൽ റസിഡൻഷ്യൽ സ്കൂളിൽ ജോലിയിൽ പ്രവേശിച്ച തീയതി മുതൽ മൂന്ന് വർഷക്കാലം പ്രസ്തുത സ്കൂളിൽ തന്നെ ജോലി ചെയ്യേണ്ടതുമാണ്. ഇതിലേയ്ക്കായി ഒരു ഡിക്ലറേഷൻ എഴുതി നൽകേണ്ടതും ആയത് പ്രധാന അധ്യാപകൻ സർവ്വീസ് ബുക്കിൽ പതിച്ച് സൂക്ഷിക്കേണ്ടതുമാണ്. ടി കാലയളവിനുശേഷം അവരെ മാതൃജില്ലയിലേയ്ക്കോ അന്തർജില്ലാ സ്ഥലംമാറ്റം നേടി വന്നവരെ ആ ജില്ലയിലെ തന്നെ അവരുടെ തനത് തസ്തികയിലേയ്ക്കോ മാറ്റി നിയമിക്കുന്നതാണ്.

6) എം.സി.ആർ.റ്റി. യായി നിയമനം ലഭിച്ച അധ്യാപകർ പരാമർശം (6) സർക്കുലറിലെ നിബന്ധന പ്രകാരമുള്ള ജോലികൾ കൂടി ചെയ്യേണ്ടതാണ്.

7) നിലവിൽ ജോലി ചെയ്യുന്ന ജില്ലയ്ക്കുള്ളിലെ എം.ആർ.എസ്. ൽ നിയമനം ലഭിച്ച അധ്യാപകർക്കും അന്തർജില്ലാ സ്ഥലംമാറ്റം മുഖേന നിയമനം ലഭിച്ച അധ്യാപകർക്കും നിർദ്ദിഷ്ട സേവനകാലം പൂർത്തിയാക്കിയതിനുശേഷം ജില്ലയ്ക്കുള്ളിലെ പൊതുസ്ഥലംമാറ്റത്തിന് ഓൺലൈൻ മുഖേന അപേക്ഷിക്കാവുന്നതാണ്. ഈ അധ്യാപകരെ എം.ആർ.എസ്. ൽ നിന്നും വിടുതൽ ചെയ്യുന്നതിന് പ്രധാന അധ്യാപകന് ഈ കാര്യാലയത്തിന്റെ അനുമതി ആവശ്യമാണ്.

8) എം.ആർ.എസ്. ലെ സേവന കാലാവധി പൂർത്തീകരിക്കുന്നതിനു മുമ്പ് മറ്റു സ്ഥലംമാറ്റങ്ങൾക്കോ ഡെപ്യൂട്ടേഷൻ മുഖേനയുള്ള മറ്റു നിയമനങ്ങൾക്കോ അധ്യാപകർ അപേക്ഷ നൽകാൻ പാടുള്ളതല്ല.

9) ശിക്ഷാ നടപടിയുടെ ഭാഗമായോ മറ്റെന്തെങ്കിലും കാരണത്താലോ എം.ആർ.എസ്. ൽ നിന്നും സ്ഥലം മാറ്റപ്പെടുകയാണെങ്കിൽ, ഈ ഉത്തരവ് പ്രകാരം സ്ഥലംമാറ്റം ലഭിക്കുന്ന അധ്യാപകരെ അവർ ഏതു ജില്ലയിൽ നിന്നാണോ എം.ആർ.എസ്. ലേയ്ക്ക് സ്ഥലംമാറി വന്നത്, അതേ ജില്ലയിലേയ്ക്ക് തന്നെ മാറ്റി നിയമിക്കുന്നതും, അന്തർ ജില്ലാ സ്ഥലംമാറ്റം വഴി വന്ന അധ്യാപകരെ, മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെ സേവനത്തിൽ നിന്നും ഉടൻ വിടുതൽ ഉത്തരവ് നൽകി, ആ ജില്ലയിലെ അവരുടെ തനത് തസ്തികയിലേയ്ക്കും മാറ്റി നിയമിക്കുന്നതുമാണ്.

10) സ്ഥലംമാറ്റം ലഭിച്ചുവന്ന അധ്യാപകരിൽ ആർക്കെങ്കിലും അവരുടെ മുൻ അപേക്ഷയുടെ അടിസ്ഥാനത്തിൽ ഓൺലൈൻ അന്തർജില്ലാ സ്ഥലംമാറ്റം/സഹതാപാർഹ സാഹചര്യത്തിലുള്ള അന്തർജില്ലാ സ്ഥലംമാറ്റം അനുവദിക്കുകയാണെങ്കിൽ വിടുതൽ നൽകുന്നതിലേയ്ക്കായി പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ഉത്തരവിന് വിധേയമായി പ്രാധാനാധ്യാപകന് തുടർ നടപടി സ്വീകരിക്കാവുന്നതാണ്.

11) കാലാകാലങ്ങളിൽ പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പും വിദ്യാഭ്യാസ വകുപ്പും പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾ പാലിക്കാൻ എം.ആർ.എസ്. ൽ നിയമനം ലഭിച്ച അധ്യാപകർ ബാധ്യസ്ഥരാണ്.

12) സ്ഥലംമാറ്റം നൽകപ്പെട്ട അധ്യാപകരുടെ വിടുതൽ/ജോലിയിൽ പ്രവേശിക്കപ്പെട്ട തീയതി എന്നിവ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിലും ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയത്തിലും അറിയിക്കേണ്ടതാണ്.

**13) നോട്ടിഫൈ ചെയ്ത ഒഴിവുകളിൽ ഇനിയും നികത്തപ്പെടാത്ത ഒഴിവുകൾ (എം.സി.ആർ.റ്റി. ഒഴികെ) ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർമാർ പരിശോധിച്ച് ഉറപ്പ് വരുത്തി അടിയന്തരമായി പി.എസ്.സി. യ്ക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്. കൂടാതെ ഈ ഉത്തരവിൻ പ്രകാരം സ്ഥലംമാറ്റം ലഭിച്ച എല്ലാ അധ്യാപകരെയും ഉത്തരവ് തീയതി മുതൽ 15 ദിവസത്തിനകം വിടുതൽ ചെയ്യേണ്ടതാണ്. ഇപ്രകാരം ഉണ്ടാകുന്ന ഒഴിവുകൾ അടിയന്തരമായി പി.എസ്.സി. യ്ക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്. സ്ഥലംമാറ്റം മൂലം എം.ആർ.എസ്. ൽ ഉണ്ടാകുന്ന ഒഴിവുകളും (എം.സി.ആർ.ടി. ഒഴികെ) പി.എസ്.സി. യ്ക്ക് അടിയന്തരമായി റിപ്പോർട്ട് ചെയ്യേണ്ടതാണ്.**

14) ഈ ഉത്തരവിൻ പ്രകാരം നടത്തിയിരിക്കുന്ന നിയമനങ്ങൾ യാതൊരു കാരണവശാലും റദ്ദ് ചെയ്തു നൽകുന്നതല്ല. നിയമന ഉത്തരവിലെ വ്യവസ്ഥകൾക്കു വിധേയമായി നിശ്ചിത തീയതിയ്ക്കകം ജോലിയിൽ പ്രവേശിക്കാത്ത അധ്യാപകർക്കെതിരെ കർശനമായ അച്ചടക്ക നടപടി കൈക്കൊള്ളേണ്ടതാണ്.

**പൊതുവിദ്യാഭ്യാസ ഡയറക്ടർ**

സ്വീകർത്താവ്

1) ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്
2) ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്
3) ഡയറക്ടർ, കൈറ്റ്, പൂജപ്പുര, തിരുവനന്തപുരം
4) എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും

പകർപ്പ്

1) പ്രധാനാധ്യാപകൻ, ജി.എച്ച്.എസ്. ശുരംപോയ്ൽ, കാസറഗോഡ്.
2) പ്രധാനാധ്യാപകൻ, ഡോ. എ.എം.എം.ആർ. ജി.എച്ച്.എസ്. കട്ടേല, തിരുവനന്തപുരം.
3) പ്രധാനാധ്യാപകൻ, ജി.എച്ച്.എസ്.എസ്. വെട്ടൂർ, തിരുവനന്തപുരം.
4) പ്രധാനാധ്യാപകൻ, ജി.വി.എച്ച്.എസ്.എസ്. അത്തോളി, കോഴിക്കോട്.
5) പ്രധാനാധ്യാപകൻ, ജി.എം.ആർ.എസ്. കുളത്തുപ്പുഴ.
6) പ്രധാനാധ്യാപകൻ, ജി.എച്ച്.എസ്.എസ്. കടിമീൻചിറ, പത്തനംതിട്ട.
7) പ്രധാനാധ്യാപകൻ, ഗവ. ടെക്നിക്കൽ ഹൈ സ്കൂൾ, ചെറുവത്തൂർ, കാസറഗോഡ്.
8) പ്രധാനാധ്യാപകൻ, ജി.എം.ആർ.എസ്. വടശ്ശേരിക്കര.
9) പ്രധാനാധ്യാപകൻ, ജി.എച്ച്.എസ്.എസ്. കുമാരനല്ലൂർ, പാലക്കാട്.
10) പ്രധാനാധ്യാപകൻ, ജി.എച്ച്.എസ്.എസ്. മണ്ണാർകോട്, പാലക്കാട്.
11) പ്രധാനാധ്യാപകൻ, ജി.എം.ആർ.എസ്. ഏറ്റുമാനൂർ.
12) പ്രധാനാധ്യാപകൻ, ജി.എം.ആർ.എസ്. വടക്കാഞ്ചേരി, തൃശ്ശൂർ.
13) പ്രധാനാധ്യാപകൻ, ജി.എം.ആർ.എസ്. ചാലക്കുടി, തൃശ്ശൂർ.
14) പ്രധാനാധ്യാപകൻ, ജി.യു.പി.എസ്. ഭീമനാട്, പാലക്കാട്.
15) പ്രധാനാധ്യാപകൻ, ആശ്രമം എച്ച്.എസ്. മലമ്പുഴ, പാലക്കാട്.
16) പ്രധാനാധ്യാപകൻ, ജി.എച്ച്.എസ്.എസ്. പനമരം, വയനാട്.
17) പ്രധാനാധ്യാപകൻ, ജി.എം.ആർ.എസ്. കൽപ്പറ്റ, വയനാട്.
18) പ്രധാനാധ്യാപകൻ, ജി.വി.എച്ച്.എസ്.എസ്. മോഗ്രൽ, കാസറഗോഡ്.
19) പ്രധാനാധ്യാപകൻ, ജി.എച്ച്.എസ്.എസ്. കാക്കവയൽ, വയനാട്.
20) പ്രധാനാധ്യാപകൻ, ജി.എച്ച്.എസ്.എസ്. പടിഞ്ഞാറത്തറ, വൈത്തിരി, വയനാട്.
21) പ്രധാനാധ്യാപകൻ, ജി.എൽ.പി.എസ്. ദേവികുളം, ഇടുക്കി.
22) പ്രധാനാധ്യാപകൻ, ഗവ. ആശ്രമം എച്ച്.എസ്. തിരുനെല്ലി, വയനാട്.
23) പ്രധാനാധ്യാപകൻ, ജി.എം.ആർ.എസ്. ഫോർ ബോയ്സ് വടക്കാഞ്ചേരി, ചാവക്കാട്, തൃശ്ശൂർ.
24) പ്രധാനാധ്യാപകൻ, ജി.എം.ആർ.എസ്. ഫോർ ഗേൾസ് കാസറഗോഡ്.
25) പ്രധാനാധ്യാപകൻ, ജി.എച്ച്.എസ്.എസ്. കല്ലാച്ചി, കോഴിക്കോട്.
26) പ്രധാനാധ്യാപകൻ, ഇ.എം.എസ്.എസ്. ജി.എച്ച്.എസ്.എസ്. പാപ്പിനിശ്ശേരി, കണ്ണൂർ.
27) പ്രധാനാധ്യാപകൻ, ജി.എം.ആർ.എസ്. ചേലക്കര, തൃശ്ശൂർ.
28) പ്രധാനാധ്യാപകൻ, ഇ.എം.എസ്.ജി.എച്ച്.എസ്.എസ്. പെരുമണ്ണ, കോഴിക്കോട്.
29) പ്രധാനാധ്യാപകൻ, ജി.എച്ച്.എസ്. മണ്ണഞ്ചേരി, ആലപ്പുഴ.
30) പ്രധാനാധ്യാപകൻ, ജി.എച്ച്.എസ്.എസ്. കുമ്പള, കാസറഗോഡ്.
31) പ്രധാനാധ്യാപകൻ, ജി.എം.ആർ.എസ്. ഫോർ ബോയ്സ് വെള്ളച്ചാൽ, കാസറഗോഡ്.
32) പ്രധാനാധ്യാപകൻ, ജി.എച്ച്.എസ്.എസ്. ഉദുമ, കാസറഗോഡ്.
33) പ്രധാനാധ്യാപകൻ, എ.എം.എം.ആർ.ജി.എച്ച്.എസ്. നല്ലൂർനാട്, വയനാട്.
34) പ്രധാനാധ്യാപകൻ, ജി.എച്ച്.എസ്.എസ്. പൊന്നുണ്ടം, മലപ്പുറം.

*MS*